# Handbook

# for

# Bhashamrutham

# Std-4

RAINBOW
PUBLISHERS PVT. LTD.
Value Education

IX/14-15, Kakkanad-Pallikkara Road, Athani
Kusumagiri P.O., Kakkanad, Kochi-682 030.
Phone: 0484-2429261, 9072391869, 8594040422

## ഭാഷ

മനുഷ്യരുടെ ആന്തരികവും ബാഹ്യവും ആയ ജീവിതത്തിന്റെ പ്രധാന ഘടകമാണ് ഭാഷ. ആശയവിനിമയത്തിനുള്ള സ്വഭാവികമായ ഉപാധിയാണ് 'ഭാഷ' എന്നതിനപ്പുറം ജീവിതത്തിന്റെ സമസ്തതലങ്ങളുമായി അത് ബന്ധപ്പെട്ടിരിക്കുന്നു.

- ❖ വിദ്യഭ്യാസത്തിന്റെ അടിസ്ഥാനഘടകം ഭാഷയാണ്. അതിനനുസരണമായി ഭാഷാധ്യാപനത്തിന് വ്യക്തമായ ചില ലക്ഷ്യങ്ങളുണ്ട്. വിദ്യാഭ്യാസം കൊണ്ട് എന്താണോ ലക്ഷ്യമാക്കുന്നത് ആ ലക്ഷ്യം നേടാൻ പ്രയോജനപ്പെടുന്ന മാർഗ്ഗങ്ങൾ അധ്യാപന സമ്പ്രദായത്തിൽ സ്വീകരിക്കണം.
- ❖ ശബ്ദമാണ് ഭാഷയുടെ സ്വാഭാവികവും അടിസ്ഥാനപരവുമായ രൂപം. ഉച്ചരിക്കുന്ന ശബ്ദമായ 'വർണ്ണ'ത്തെ സൂചിപ്പിക്കുന്ന രേഖാസങ്കേതമാണ് ലിപി.
- ❖ മനുഷ്യൻ ഉച്ചരിക്കുന്ന ശബ്ദങ്ങളുടെ ലിഖിതസങ്കേതമാണ് അക്ഷരങ്ങൾ. അക്ഷരം എഴുതാൻ സ്വീകരിക്കുന്ന രേഖയാണ് ലിപി.
- ❖ അക്ഷരത്തിന്റെ ശരീരം ലിപിയും ആത്മാവ് ഉച്ചാരണവും ആകുന്നു.

## മാതൃഭാഷ

വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനശിലയാണ് മാതൃഭാഷ. മാതൃഭാഷയിൽ ശരിയായ അറിവ് ഉണ്ടാകാത്തിടത്തോളം വിദ്യാഭ്യാസം പൂർണ്ണമായി എന്നു കരുതാൻ സാധ്യമല്ല. ശിശുവിന് മാതാവിന്റെ മുലപ്പാൽ എങ്ങനെയാണോ അതുപോലെയാണ് വിദ്യാർത്ഥികൾക്ക് മാതൃഭാഷയെന്ന് മഹാകവി രവീന്ദ്രനാഥടാഗോർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം
ചുണ്ടിന്മേലമ്മിഞ്ഞപ്പാലോടൊപ്പം
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
സമ്മേളിച്ചീടുന്നതൊന്നാമതായ്?

മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ!
മർത്ത്യനു പെറ്റമ്മ തൻഭാഷതാൻ.

മാതാവിൻ വാത്സല്യദുഗ്ദ്ധം നുകർന്നാലേ
പൈതങ്ങൾ പൂർണ്ണവളർച്ച നേടൂ.
അമ്മതാൻ തന്നേ പകർന്നു തരുമ്പോഴേ
നമ്മൾക്കമൃതുമമൃതായ് തോന്നൂ!



ഏതൊരു വേദവുമേതൊരു ശാസ്ത്രവു-
മേതൊരു കാവ്യവുമേതൊരാൾക്കും
ഹൃത്തിൽ പതിയേണമെങ്കിൽ സ്വഭാഷതൻ
വക്ത്രത്തിൽ നിന്നു താൻ കേൾക്കവേണം!

മാതൃഭാഷയുടെ മഹത്വം മഹാകവി വള്ളത്തോൾ ഉദ്ഘോഷിക്കുന്നു. ഇതിൽനിന്നും മൂന്നുകോടി ജനങ്ങൾ സംസാരിക്കുന്ന നമ്മുടെ മാതൃഭാഷ മലയാളത്തിന്റെ പ്രാധാന്യം, മഹിമ വ്യക്തമാക്കുന്നു. അതുകൊണ്ടുതന്നെ ഇതര വിഷയങ്ങളിൽ/ഭാഷകളിൽനിന്ന് വ്യത്യസ്തമായ സമീപനമാണ് ഭാഷാധ്യാപനത്തിൽ സ്വീകരിക്കേണ്ടത്.

ആശയവിനിമയോപാധി, സാഹിത്യമാധ്യമം എന്നീ നിലകളിൽ നിന്ന് ഭാഷാപ്രയോഗക്ഷമതയിൽ എത്തിച്ചേരുക എന്നതാണ് ഭാഷാധ്യാപനത്തിന്റെ ആത്യന്തികലക്ഷ്യം.

ശ്രവണം
ഭാഷണം
വായന
ലേഖനം

എന്നീ നൈപുണികൾ സ്വയത്തമാക്കുക ഭാഷയിൽ പ്രാവീണ്യം നേടുക.

- ❖ സാഹിത്യം ആസ്വദിക്കുക.
- ❖ സന്ദർഭാനുസരണം നൂതനപദങ്ങളുടെ പ്രയോഗം
- ❖ സ്വന്തമായ ഭാഷാശൈലി രൂപപ്പെടുത്തുക

## പ്രാഥമികതലം/പ്രൈമറിതലം

- ❖ വിദ്യാഭ്യാസത്തിലെ പ്രധാനഘട്ടമാണ് പ്രാഥമികഘട്ടം/പ്രൈമറിതലം.
- ❖ മാതാപിതാക്കൾ, കുടുംബാംഗങ്ങൾ, മറ്റുള്ളവർ സംസാരിക്കുന്നത് കേട്ടും അനുകരിച്ചും കുട്ടികൾ ഭാഷാപഠനം ആരംഭിക്കുന്നു.
- ❖ കുട്ടിയുടെ ആശയങ്ങളും ശബ്ദങ്ങളും പരിമിതമായിരിക്കുന്ന ഈ സാഹചര്യത്തിൽ, പ്രൈമറി വിദ്യാഭ്യാസത്തിൽ ഭാഷാപരമായ നല്ല ശീലങ്ങൾ വളർത്തേണ്ട ഉത്തരവാദിത്വം ഓരോ ഭാഷാധ്യാപകനും ഉണ്ട്.
- ❖ ഭാഷയുടെ ശരിയായ രൂപം കുട്ടികളിൽ ഉറപ്പിക്കണം.
- ❖ തെറ്റുകൂടാതെ സംസാരിക്കുവാനും വായിക്കാനും എഴുതാനും ഉള്ള കഴിവ് കുട്ടികൾക്ക് ഉണ്ടാകണം.

- സാഹിത്യാസ്വാദനത്തിനുള്ള പ്രാരംഭ പരിശീലനവും കുട്ടികൾ നേടണം.
- വ്യാകരണസംബന്ധമായ അടിസ്ഥാന അറിവുകൾ നേടാൻ ശ്രമിക്കണം.

## ഭാഷാധ്യാപനരീതികൾ – പ്രാഥമികതലം

- വസ്തുബോധ പഠനം ഭാഷാഭ്യസനത്തിൽ പ്രാധാന്യം അർഹിക്കുന്നു.
- അനുകരണം/ ആവർത്തനം പഠനത്തെ സഹായിക്കുന്നു.
- ചിത്രവായന, ചിത്രരചന എന്നിവയിൽനിന്ന് ആശയങ്ങൾ ഗ്രഹിക്കാനും പ്രകടിപ്പിക്കാനും കഴിയും.
- കളിരീതികളിലൂടെ പഠനം:
  - കുട്ടികൾ കളി ഇഷ്ടപ്പെടുന്നു.
  - അനുകരണം, ശേഖരണം, മാത്സര്യം എന്നിവ കളികളിൽ അന്തർഭവിച്ചിരിക്കുന്നു.
  - സാമൂഹികമായ വളർച്ചയ്ക്കു കാരണമാകുന്നു.
  - ബുദ്ധി വികസിക്കുന്നു.
  - കായികവികാസത്തിന് കാരണമാകുന്നു.
- പ്രൈമറി ക്ലാസ്സിനു യോജിച്ച ചില കളികൾ:
  1. അനേകം വസ്തുക്കൾ/ ആശയങ്ങൾ അടങ്ങിയ ഒരു ചിത്രം കുട്ടികളെ കാണിക്കണം.
     - ഒരേ അക്ഷരം വരുന്ന വസ്തുക്കൾ കണ്ടെത്തുക.
     - ആശയങ്ങൾ- കഥാരൂപത്തിലാക്കുവാൻ ആവശ്യപ്പെടുക.
     - പദാർത്ഥങ്ങളുടെ പേര് കണ്ടെത്തുക.
  2. അക്ഷരങ്ങൾ കാർഡുരൂപത്തിലാക്കുക. കാർഡിലുള്ള അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികളോട് ആവശ്യപ്പെടുക.
  - ബോർഡിൽ വാക്കുകൾ/ വാക്യം എഴുതുക. എഴുതിയ വാക്യം ഉറക്കെ വായിക്കുക. അല്പസമയം കഴിഞ്ഞ് ബോർഡിൽനിന്ന് വാക്കുകൾ നീക്കം ചെയ്യണം. ഇനി കുട്ടികളോട് അത് കണ്ടെത്താൻ പറയണം.
  - വാക്യത്തിന്റെ ക്രമംതെറ്റി എഴുതുക. ക്രമത്തിലെഴുതുക.
  - പദസൂര്യൻ/ അക്ഷരസൂര്യൻ... തുടങ്ങി നിരവധി മാതൃകകൾ കണ്ടെത്തുക.



കുട്ടികളെ പഠനത്തിൽ താൽപര്യം ഉണർത്താൻ സഹായിക്കുക. സമഗ്രവും നിരന്തരവുമായ മൂല്യനിർണ്ണയത്തെ മുൻനിർത്തിയുള്ള പാഠ്യപദ്ധതിയിലൂടെ പഠിതാവിന്റെ പരിപൂർണ്ണമായ കഴിവ് വളർത്താൻ ഓരോ അധ്യാപികയ്ക്കും കഴിയട്ടെ.

## മലയാള അക്ഷരമാല

മലയാളഭാഷയിലെ അക്ഷരമാലയിൽ 15 സ്വരങ്ങളും 36 വ്യഞ്ജനങ്ങളും ചേർന്ന് 51 അക്ഷരങ്ങളാണ് ഉള്ളത്.

**സ്വരാക്ഷരങ്ങൾ** (vowels)

അ ആ ഇ ഈ ഉ ഊ ഋ എ ഏ ഐ
ഒ ഓ ഔ അം അഃ

**ഹ്രസ്വമായ ഉച്ചാരണം**: അ ഇ ഉ ഋ എ ഒ

**ദീർഘമായ ഉച്ചാരണം**: ആ ഈ ഊ ഏ ഓ ഐ ഔ

**വ്യഞ്ജനങ്ങൾ** (consonants)

| വർഗ്ഗം | ഖരം | അതിഖരം | മൃദു | ഘോഷം | അനുനാസികം |
|---|---|---|---|---|---|
| 'ക' വർഗ്ഗം | ക | ഖ | ഗ | ഘ | ങ |
| 'ച' വർഗ്ഗം | ച | ഛ | ജ | ഝ | ഞ |
| 'ട' വർഗ്ഗം | ട | ഠ | ഡ | ഢ | ണ |
| 'ത' വർഗ്ഗം | ത | ഥ | ദ | ധ | ന |
| 'പ' വർഗ്ഗം | പ | ഫ | ബ | ഭ | മ |

യ ര ല വ ള ഴ റ → മാധ്യമങ്ങൾ
ശ ഷ സ → ഊഷ്മാക്കൾ
ഹ → ഘോഷി

## പാഠം 1 **പ്രിയ മലയാളം**

### പഠനലക്ഷ്യങ്ങൾ

- ✳ കവിതയുടെ ഈണവും താളവും കണ്ടെത്തുന്നു.
- ✳ ആശയം ഗ്രഹിക്കുന്നു.
- ✳ ആസ്വാദനം തയ്യാറാക്കുന്നു.
- ✳ കവിത മനഃപാഠമാക്കുന്നു.
- ✳ മാതൃഭാഷ പ്രാധാന്യം തിരിച്ചറിയുന്നു.
- ✳ മാതൃസ്നേഹം വളരുന്നു.
- ✳ സമാന കവിതകൾ കണ്ടെത്തുന്നു.
- ✳ കവിപരിചയം: ഒ.എൻ.വി. കുറുപ്പിനെ അറിയുന്നു.

### ആമുഖം

അമ്മിഞ്ഞപ്പാലൊപ്പം നാം നുകരുന്ന നറുമൊഴിയാണ് മലയാളം. നമ്മുടെ മാതൃഭാഷയാണ് മലയാളം. മാതൃഭാഷയുടെ പ്രാധാന്യം, സൗന്ദര്യം, മാധുര്യം എന്നിവ വ്യക്തമാക്കുന്ന ഒ.എൻ.വി. കവിതയാണ് പ്രിയമലയാളം.

- ✳ 'നേരുരചെയ്യാൻ കിനാവു കാണാൻ നമ്മെ സഹായിക്കുന്ന സ്നേഹമൊഴിയാണ് മലയാളം.'

### പഠനാവതരണം

- ✳ മഹാകവി വള്ളത്തോൾ നാരായണമേനോന്റെ 'എന്റെ ഭാഷ' എന്ന കവിതയിലെ ഏതാനും വരികൾ അധ്യാപിക പരിചയപ്പെടുത്തുക/അവതരിപ്പിക്കുക.
- ✳ കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് കവിതയുടെ ആശയം കണ്ടെത്താൻ ആവശ്യപ്പെടുക.



- ✳ ആശയം ഒറ്റവാക്കിലോ/പോസ്റ്റർ രൂപത്തിലോ തയ്യാറാക്കട്ടെ.
- ✳ മാതൃഭാഷയുടെ പ്രാധാന്യം മനസ്സിലാക്കട്ടെ.
- ✳ തുടർന്ന് അധ്യാപിക പാഠഭാഗവുമായി ബന്ധപ്പെട്ട പദങ്ങൾ ചാർട്ട്/ബോർഡ് ഉപയോഗിച്ച് പരിചയപ്പെടുത്തുക.
- ✳ മലയാളം
  - നന്മൊഴി
  - നറുമൊഴി
  - സ്നേഹമൊഴി
  - തിരുമൊഴി
- ✳ നൂതനപദങ്ങളുടെ അർത്ഥം കുട്ടികൾ കണ്ടെത്തട്ടെ.
- ✳ കവിത/പാഠഭാഗം മൗനവായന നടത്താൻ കുട്ടികളോട് ആവശ്യപ്പെടുക.
- ✳ ഈണം കണ്ടെത്താൻ അധ്യാപിക സഹായിക്കണം.
- ✳ കവിതയുടെ ആശയം/ആസ്വാദനം കുട്ടികൾ കണ്ടെത്തട്ടെ.
- ✳ മലയാളഭാഷയെ വിശേഷിപ്പിക്കാൻ കവി ഉപയോഗിച്ചിരിക്കുന്ന പദങ്ങളും അവയുടെ ആശയവും കണ്ടെത്തണം. (പാഠപുസ്തകം പേജ് 6 നോക്കുക.)

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

✳ **അർത്ഥം:**

- പറയുക = ഉരചെയ്യുക
- മുലപ്പാൽ = അമ്മിഞ്ഞ
- സ്നേഹം = അൻപ്
- പ്രഭാതം = പുലരി
- രശ്മി = കതിർ
- കളി = കേളി

✳ **നാനാർത്ഥം**:

- കേളി : കളി, പ്രസിദ്ധി
- കതിർ : രശ്മി, സൂര്യൻ

✳ **ഉചിതമായവ യോജിപ്പിക്കുക**:

നൻമൊഴി → നന്മയുടെ വാക്ക്
നറുമൊഴി → മധുരമുള്ള വാക്ക്
തായ്മൊഴി → മാതൃഭാഷ
നേർമൊഴി → സത്യത്തിന്റെ വാക്ക്
സ്നേഹമൊഴി → സ്നേഹത്തിന്റെ വാക്ക്

✳ **ഇഷ്ടപ്പെട്ട വരികൾ കണ്ടെത്തുക; ആശയം എഴുതുക; ശീർഷകം നൽകുക**:

*മാതൃക*: 'നന്മൊഴി നറുമൊഴി മലയാളം
നമ്മുടെ തായ്മൊഴി മലയാളം
കേരളനാട്ടിലെ മാളോരുടെ മൊഴി
കേളിയെഴും പ്രിയമലയാളം
നേരുരചെയ്യാൻ, കിനാവു കാണാൻ
നേർമൊഴി നമുക്ക് മലയാളം!'

ജ്ഞാനപീഠപുരസ്ക്കാര ജേതാവായ ശ്രീ. ഒ.എൻ.വി. കുറുപ്പിന്റെ 'നന്മൊഴി നറുമൊഴി മലയാളം' എന്ന കവിത മലയാളത്തിന്റെ മഹത്വം വ്യക്തമാക്കുന്നു. മാതൃഭാഷയുടെ ലാളിത്യം, സൗന്ദര്യം, തനിമ അവതരിപ്പിക്കുന്ന കവിത. നന്മയുടെയും മാധുര്യത്തിന്റെയും വാക്കാണ് തായ്മൊഴിയായ മാതൃഭാഷ. കേരളത്തിന്റെ പ്രസിദ്ധി, മാതൃഭാഷയിലൂടെ ആണെന്ന് കവി പറയുന്നു. നേരുപറയാനും, സ്വപ്നം കാണാനും മലയാളിക്ക് മലയാളം വേണം. നേർവഴി നടത്തുന്ന മാതാവിനെപ്പോലെ/പെറ്റമ്മയെപ്പോലെയാണ് ഒരുവന് മാതൃഭാഷ.



✳ **ശീർഷകം**:

*മാതൃക*: * നന്മൊഴി നറുമൊഴി മലയാളം
* മാതൃഭാഷ
* സ്നേഹമൊഴി
* കേരളനാട്ടിലെ ഭാഷ

✳ **ഉത്തരങ്ങൾ**:

1. മലയാളം.
2. അറിവിന്നരിയ വെളിച്ചം കരളിൽ ചൊരിയും തിരുമൊഴി മലയാളം.
3. അമ്മിഞ്ഞപ്പാലിനൊപ്പമാണ് നാം ഭാഷ നുകരുന്നത്.
4. നേരുര ചെയ്യാൻ, കിനാവ് കാണാൻ, നേർവഴി നടത്താൻ നമ്മെ സഹായിക്കുന്ന ഭാഷയാണ് മലയാളം.

✳ **ചർച്ച നടത്താം**:

*വിഷയം*: മാതൃഭാഷയുടെ പ്രാധാന്യം.
മാതൃഭാഷ നേരിടുന്ന പ്രശ്നങ്ങൾ.

- കുട്ടികളെ നാലു സംഘങ്ങളായി തിരിക്കുക.
- ചർച്ച നടത്തി നിഗമനങ്ങളിൽ എത്തുക.
- പ്രസംഗം/ഉപന്യാസം തയ്യാറാക്കുക.

## അഭ്യാസപുസ്തകം

✳ **ഒറ്റവാക്കിൽ ഉത്തരം കണ്ടെത്തുക**:

1. ഒ.എൻ.വി. കുറുപ്പ്
2. മലയാളം
3. അമ്മിഞ്ഞപ്പാല്
4. ഉപ്പ്, അക്ഷരം

✳ **മാതൃഭാഷയുടെ മഹത്വം വ്യക്തമാക്കുന്ന 4 വരി കവിത**:

മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം
ചുണ്ടിന്മേലമ്മിഞ്ഞപ്പാലോടൊപ്പം
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
സമ്മേളിച്ചീടുന്നതൊന്നാമതായ്. **വള്ളത്തോൾ**

※ **പദസൂര്യൻ**




※ **മാതൃഭാഷയെ പ്രകീർത്തിക്കുന്ന കവിതകൾ ശേഖരിക്കുക:**

* എന്റെ ഭാഷ - വള്ളത്തോൾ
* അമ്മ മലയാളം - കുരീപ്പുഴ ശ്രീകുമാർ

## പാഠം 2 ആമയുടെ ആകാശയാത്ര

### പഠനലക്ഷ്യങ്ങൾ

※ കഥകൾ വായിക്കുക.

※ കഥകൾ പറയുക.

※ ആശയം ഗ്രഹിക്കുക.

※ കഥാരചന നടത്തുക.

※ ചിത്രങ്ങൾ/സൂചനകൾ അനുസരിച്ച് കഥ പറയുക.

※ ശീർഷകം കണ്ടെത്തുക/തലക്കെട്ട് തയ്യാറാക്കുക.

※ സംഭാഷണരചന/നാടകം തയ്യാറാക്കുക.

※ നൂതനപദങ്ങൾ കണ്ടെത്തുക.

### ആമുഖം

※ പരസ്പരധാരണയ്ക്ക് മാറ്റം വരുകയോ, വിശ്വാസവഞ്ചന വരുത്തുകയോ ചെയ്താൽ ഉണ്ടായേക്കാവുന്ന ആപത്തിനെപറ്റിയാണ് ഈ കഥയിൽ പറഞ്ഞിരിക്കുന്നത്.



### പഠനാവതരണം

※ കഥ കേൾക്കാൻ/പറയാൻ ഇഷ്ടമില്ലാത്തവരായി ആരും കാണുകയില്ല. കുട്ടികൾക്കും കഥ വളരെ ഇഷ്ടമാണ്.

※ പാഠഭാഗത്ത് കഥയിൽ കൊടുത്തിരിക്കുന്ന രണ്ടാമത്തെ ചിത്രം ചാർട്ടിലിടുക.

※ കുട്ടികൾ അവരുടെ ഭാവനയ്ക്കനുസരിച്ച് കഥകൾ പറയട്ടെ.

※ ശേഷം അധ്യാപിക പാഠഭാഗത്തെ കഥ രസകരമായി അവതരിപ്പിക്കുക.

※ സംഭാഷണരൂപത്തിലും ഈ കഥ ക്ലാസ്സിൽ അവതരിപ്പിക്കാം.

※ കുട്ടികൾ കഥ ഉറക്കെ വായിക്കട്ടെ.

※ കഥയിൽ നിന്നു കണ്ടെത്തിയ കാര്യങ്ങൾ ചാർട്ടിലിടണം.

*മാതൃക:*
* ആപത്തിൽ സഹായിക്കുന്നവരാണ് യഥാർത്ഥ സുഹൃത്തുക്കൾ.
* സുഹൃത്തുക്കൾ തമ്മിലുള്ള പരസ്പരധാരണ തെറ്റിക്കരുത്.
* വിശ്വാസവഞ്ചന ആപത്ത്.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

※ **അർത്ഥം:**

- ഉപായം = യുക്തി, കൗശലം, പോംവഴി
- ചങ്ങാത്തം = സൗഹൃദം, കൂട്ടുകെട്ട്
- പരസ്പരം = അന്യോന്യം, തമ്മിൽ തമ്മിൽ

※ **വിപരീതപദം:**

- ആശ x നിരാശ
- ശ്രദ്ധ x അശ്രദ്ധ
- യഥാർത്ഥം x അയഥാർത്ഥം
- മുമ്പേ x പിമ്പേ

⁂ **പര്യായപദങ്ങൾ**:

- സുഹൃത്ത് : മിത്രം, ചങ്ങാതി, തോഴൻ
- യാത്ര : യാനം, സഞ്ചാരം, സവാരി
- വെള്ളം : തോയം, നീര്, ജലം

⁂ **ശരിയായ ഉത്തരം**:

- ആമ ചത്തുപോകും.
- ആമ

⁂ **പിരിച്ചെഴുതുക**:

- അപകടത്തിൽ + ആയി
- ഒര് + അക്ഷരം
- അങ്ങ് + അകലെ
- നഷ്ടം + ആയി

⁂ **ചേർത്തെഴുതുക**:

- ജലാശയമുണ്ട്
- നിരാശനായി
- സഹിക്കാനായില്ല

⁂ **മാതൃകപോലെ എഴുതുക**:

- തൂങ്ങിക്കിടക്കണം
- രണ്ടറ്റവും
- യാത്രയായി
- പോകുന്നില്ല

⁂ **ഉത്തരങ്ങൾ**:

1. പോകുംവഴി എന്തൊക്കെ കണ്ടാലും കേട്ടാലും വായ് തുറക്കരുത്. ഒരക്ഷരം മിണ്ടരുത്. ഇതായിരുന്നു അരയന്നങ്ങൾ നൽകിയ മുന്നറിയിപ്പ്.
2. ആമയെ രക്ഷപ്പെടുത്താൻ ശ്രമിച്ചത് അരയന്നങ്ങളാണ്. അരയന്നങ്ങൾ ഒരു വടിയെടുത്ത് അതിന്റെ രണ്ടറ്റവും കൊക്കിനുള്ളിലാക്കി. വടിയുടെ നടുക്ക് ആമയോട് കടിച്ചുപിടിച്ച് തൂങ്ങിക്കിടക്കാൻ ആവശ്യപ്പെട്ടു. അങ്ങനെ പട്ടണത്തിനുമപ്പുറത്തുള്ള വലിയ ജലാശയത്തിലെത്തിക്കാൻ അരയന്നങ്ങൾ ശ്രമിച്ചു.



3. അരയന്നങ്ങൾ പറഞ്ഞ വാക്ക് കേൾക്കാതെ സംസാരിച്ച ആമ/സുഹൃത്തുക്കൾ തമ്മിലുണ്ടായിരുന്ന പരസ്പരധാരണ തെറ്റിച്ച ആമയുടെ ജീവൻ അപകടത്തിലായി.

⁂ **സംഭാഷണം തയ്യാറാക്കുക**:

- നമ്മുടെ ഉള്ളിലുള്ള ആശയം അന്യരെ അറിയിക്കുന്നതിനുള്ള പ്രധാന ഉപാധിയാണ് സംഭാഷണം.
- രണ്ടുപേർ തമ്മിൽ നേരിട്ടു സംസാരിക്കുന്നത് അദികഥനം (Direct Speech) സാക്ഷാൽ സംഭാഷണം.

*മാതൃക*: ആമ: 'ഹായ് എന്ത് ഭംഗിയുള്ള അരയന്നങ്ങൾ?'

അരയന്നം(1): 'നോക്കൂ, ദാ ഒരു ആമ.'

അരയന്നം(2): 'ശരിയാണല്ലോ. വരൂ നമുക്ക് പരിചയപ്പെടാം.'

ആമ: 'നിങ്ങൾ എവിടെനിന്നാണ് വരുന്നത്? നമുക്ക് ചങ്ങാതിമാരാകാം.'

അരയന്നം(1): '..............................................'

⁂ സംഭാഷണം വ്യക്തിഗതമായ പ്രവർത്തനമാണ്. സംഘപ്രവർത്തനമായും സംഭാഷണം നടത്താവുന്നതാണ്.

## അഭ്യാസപുസ്തകം

⁂ **അടിക്കുറിപ്പ്**:

- വാക്യം ലഘുവായിരിക്കണം.
- ആകർഷകമായിരിക്കണം.
- രസകരമാകണം.
- ചിന്തനീയമാകണം.

*മാതൃക*: 'ഹായ്! ആമയുടെ ആകാശയാത്ര!'

'ചങ്ങാതിമാരുടെ ആകാശയാത്ര നോക്കികാണുന്ന ചങ്ങാതിക്കൂട്ടം.'

※ **ശരിയേത്?:**

- ബഹളം
- കുളക്കര

※ **ഉചിതമായ ശീർഷകം:**

*മാതൃക:*
- ചങ്ങാതിമാരുടെ ആകാശയാത്ര.
- ആമയുടെ പതനം.
- ആമയും അരയന്നങ്ങളും.
- ആമയുടെ അമളി.
- ആമയുടെ യാത്ര.

## പാഠം 3 ഓമനപ്പൈതൽ

### പഠനലക്ഷ്യങ്ങൾ

※ കവിതകൾ ഈണത്തിൽ ചൊല്ലുന്നു.

※ താളം കണ്ടെത്തുന്നു.

※ ആശയം ഗ്രഹിക്കുന്നു.

※ കവിതയിൽനിന്നും ലഭിച്ച ആശയം എഴുതുന്നു.

※ കൃഷ്ണഗാഥ - രചനാരീതി മനസ്സിലാക്കുന്നു.

※ ചെറുശ്ശേരിയെ അറിയുന്നു.

※ ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു.

### ആമുഖം

※ മനോഹരമായ ആവിഷ്കാരം കൊണ്ട് ശ്രദ്ധേയമായ കാവ്യമാണ് ചെറുശ്ശേരിയുടെ കൃഷ്ണഗാഥ. ആസ്വാദകന്റെ ഹൃദയത്തെ ആഹ്ലാദിപ്പിക്കുന്നതിൽ ഈ കൃതി എക്കാലത്തും വിജയിച്ചിട്ടുണ്ട്. ഭാഗവതം ദശമസ്കന്ധത്തിലെ പ്രസക്തഭാഗങ്ങളെ ആധാരമാക്കിയാണ് കൃഷ്ണഗാഥ രചിച്ചിരിക്കുന്നത്. ശ്രീകൃഷ്ണന്റെ



ജനനം മുതൽ സ്വർഗാരോഹണം വരെയുള്ള കഥകളാണ് ഈ മഹാകാവ്യത്തിലുള്ളത്. മഞ്ജരി എന്ന വൃത്തത്തിലാണ് ചെറുശ്ശേരി ഈ കാവ്യം രചിച്ചിരിക്കുന്നത്.

അമ്പാടിയിലെ ഉണ്ണിക്കണ്ണന്റെ ബാലലീലകളാണ് കവി ഇവിടെ വർണ്ണിച്ചിരിക്കുന്നത്. മനോഹരമായ ബാല്യകാലം കുട്ടികൾക്ക് അനുഭവമാകത്തക്കവിധം പാഠഭാഗത്ത് അവതരിപ്പിച്ചിരിക്കുന്നു.

### പഠനാവതരണം

※ കവിത വ്യക്തിഗതമായ വായനയ്ക്കു നിർദ്ദേശിക്കുക. മനസ്സിലായ കാര്യം ലഘുക്കുറിപ്പാക്കുക. ക്ലാസ്സിൽ അവതരിപ്പിക്കുക.

※ കുട്ടികളുടെ ബാല്യകാലാനുഭവം (രണ്ടാം ക്ലാസ്സിൽ വച്ച് നടന്നത്) കണ്ടെത്തി പറയാൻ നിർദ്ദേശിക്കുക.

※ രസകരമായ അനുഭവങ്ങൾ കൃഷ്ണന്റെ ജീവിതവുമായി ബന്ധപ്പെടുത്തി അധ്യാപിക ക്ലാസ്സിൽ അവതരിപ്പിക്കുക.

※ കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് കവിത വായിച്ച് ഈണവും ആശയവും കണ്ടെത്തി ക്ലാസ്സിൽ അവതരിപ്പിക്കുവാൻ ആവശ്യപ്പെടുക.

※ നൂതനപദങ്ങൾ കണ്ടെത്തി ബോർഡിൽ എഴുതുക.

※ കവിതയുടെ ആശയം കണ്ടെത്താൻ അധ്യാപിക സഹായിക്കുക.

※ ഇഷ്ടപ്പെട്ട വരികൾ കണ്ടെത്തുക. കാരണവും പറയുക.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

※ **അർത്ഥം:**

- തൂമ = ഭംഗി
- മാനസം = മനസ്സ്

- ഇച്ഛ = ആഗ്രഹം
- നാരി = സ്ത്രീ
- തേവാരം = ദേവപൂജ
- പൈതൽ = കുഞ്ഞ്
- തേവാരിക്കുക = ദേവപൂജ നടത്തുക
- നിച്ചലും = നിത്യവും

※ **സമാനപദങ്ങൾ:**

- ഗോപസ്ത്രീകൾ = ആനായനാരിമാർ
- നിത്യവും = നിച്ചലും
- ഭംഗി = തൂമ
- ദേവപൂജ = തേവാരം

※ **പര്യായപദങ്ങൾ:**

- മനസ്സ് : മനം, മാനസം, ചിത്തം
- ആന : ഹസ്തി, കരി, ദന്തി
- അച്ഛൻ : പിതാവ്, താതൻ, ജനകൻ
- ഭംഗി : മനോഹരം, സുന്ദരം, മഞ്ജുളം, മഞ്ജു

※ **അർത്ഥവ്യത്യാസം:**

- ചേല : പുടവ, സാരി
- ചേല് : ഭംഗി, സ്വഭാവം
- ചോല : മലയിലെ ഉറവ, തണൽ

※ **ഉത്തരങ്ങൾ:**

1. ഓമനപൈതൽ ഉണ്ണിക്കണ്ണൻ ഓരോരോ ലീലകൾ മനോഹരമായി കാട്ടിയപ്പോഴാണ് ആനായനാരിമാരുടെ മാനസം ആകുലമായത്.
2. അച്ഛനെപ്പോലെ ചേലയുടുക്കും എന്നു പറഞ്ഞ് ഉണ്ണിക്കണ്ണൻ ചേല വാരി ചുറ്റിനിൽക്കും. അച്ഛൻ കുമ്പിടുന്നേരത്ത് മുതുകിലേറി ആന കളിക്കും.



3. നിച്ചലും നിന്നു പടകളിക്കുന്നത് ഉണ്ണിക്കണ്ണനാണ്. അച്ഛൻ ചെയ്യുന്ന കാര്യങ്ങളെല്ലാം തനിക്കും ചെയ്യണമെന്ന് പറഞ്ഞ് ഇച്ഛയിലങ്ങനെ പടകളിക്കും.
4. ശ്രീകൃഷ്ണൻ.

※ **എന്റെ ബാല്യകാലാനുഭവങ്ങൾ:**

- ഇത് വ്യക്തിഗതമായ ഒരു പ്രവർത്തനം ആണ്.
- തന്നിരിക്കുന്ന വിഷയത്തെ ആസ്പദമാക്കി കുട്ടികൾ തന്റെ ബാല്യകാല വർണന തയ്യാറാക്കുക. ക്ലാസ്സിൽ അവതരിപ്പിക്കുക. അധ്യാപികയുടെ സഹായത്തോടെ കുറിപ്പ് മെച്ചപ്പെടുത്തുക.

## അഭ്യാസപുസ്തകം

※ **കണ്ടെത്താം എഴുതാം:**

കൃഷ്ണഗാഥ കർത്താവിനെപ്പറ്റി 4 വാക്യം എഴുതുക:

- ചെറുശ്ശേരിയുമായി ബന്ധപ്പെട്ട പദസൂര്യൻ കുട്ടികളുടെ സഹായത്തോടെ ബോർഡിൽ പൂർത്തിയാക്കുക.




- ലഭിച്ച വിവരങ്ങൾ ചേർത്ത് 3 വാക്യം എഴുതുക. ഖണ്ഡിക തയ്യാറാക്കാൻ കുട്ടികളോട് നിർദ്ദേശിക്കാം.

* **കൃഷ്ണഗാഥ – ഐതിഹ്യം:**

  'ആജ്ഞയാ കോലഭൂപസ്യ
  പ്രാജ്ഞസ്യോദയ വർമണം
  കൃതായാം കൃഷ്ണഗാഥായാം...'

  എന്ന് കൃഷ്ണഗാഥയിൽ കാണുന്നു. ഇതിൽനിന്നും കോലത്തുനാടു ഭരിച്ചിരുന്ന ഉദയവർമ്മ മഹാരാജാവിന്റെ (1445 മുതൽ 1475) സദസ്യനായിരുന്നു ചെറുശ്ശേരിയെന്നും അദ്ദേഹമാണ് കൃഷ്ണഗാഥ രചിച്ചതെന്നും കരുതപ്പെടുന്നു.

  ഒരിക്കൽ മഹാരാജാവും ചെറുശ്ശേരി നമ്പൂതിരിയും ചതുരംഗം കളിക്കാനിരുന്നു. എന്നാൽ കളിയിൽ രാജാവ് തോൽക്കുമെന്ന ഘട്ടം എത്തി. രാജാവിന്റെ പത്നി ഇത് കാണുന്നുണ്ടായിരുന്നു. ആളെ (ആൾ കരു) ഉന്തിയാൽ രാജാവ് വിജയിക്കുമെന്ന് മനസ്സിലാക്കിയ രാജപത്നി തന്റെ കുട്ടിയെ താരാട്ടുന്ന രീതിയിൽ ഇങ്ങനെ പാടി...

  'ഉന്തുന്തു ന്തുന്തുന്തു ന്തുന്തുന്തു ന്തുന്തുന്തു
  ന്തുന്തുന്തു ന്തുന്തുന്തു ന്തുന്തുന്തു ആളെയുന്ത്...'

  ഇതിന്റെ പൊരുൾ മനസ്സിലാക്കിയ മഹാരാജാവ് 'ആളെയുന്തി' കളി ജയിച്ചു. ഈ രാഗത്തിന് 'ആളുന്തി രാഗം' എന്ന പേരും ലഭിച്ചു.

  രാജാവ് തന്റെ പത്നി ചൊല്ലിയ താളത്തിൽ ഭാഗവതം ദശമസ്കന്ദത്തിലെ ഭാഗങ്ങൾ കൃഷ്ണഗാഥയായി അവതരിപ്പിക്കുവാൻ/രചിക്കുവാൻ ചെറുശ്ശേരിയോട് ആവശ്യപ്പെട്ടു. അങ്ങനെയാണ് ചെറുശ്ശേരി കൃഷ്ണഗാഥ രചിച്ചത്.

**കൃഷ്ണഗാഥയുടെ പ്രത്യേകതകൾ**

* കൃഷ്ണഗാഥ/കൃഷ്ണപ്പാട്ടിൽ ഭഗവാൻ കൃഷ്ണന്റെ ജനനം മുതൽ സ്വർഗാരോഹണം വരെയുള്ള കഥ.



* ലളിതമായ ശൈലി.
* അർത്ഥപൂർണമായ പദപ്രയോഗം.
* മനോഹരമായ പ്രയോഗങ്ങൾ.
* മഞ്ജരി എന്ന വൃത്തത്തിൽ രചിച്ച ആദ്യ മഹാകാവ്യം.

## പാഠം 4 ശ്രീ ശങ്കരാചാര്യർ

### പഠനലക്ഷ്യങ്ങൾ

* ആത്മകഥ/ജീവചരിത്രം അറിയുന്നു.
* വായന വളരുന്നു.
* ആശയം ഗ്രഹിക്കുന്നു.
* വിവരങ്ങൾ ശേഖരിച്ച് ലഘു ജീവചരിത്രക്കുറിപ്പുകൾ തയ്യാറാക്കുന്നു.
* ശങ്കരാചാര്യരെ അറിയുന്നു.
* ബാല്യകാലാനുഭവം മനസ്സിലാക്കുന്നു.

### ആമുഖം

* ഭാരതീയരുടെ അദ്ധ്യാത്മിക ഗുരുവായ ശ്രീ ശങ്കരാചാര്യർ കേരളത്തിൽ ചൂർണ്ണ/പൂർണ്ണ എന്നു വിളിക്കപ്പെടുന്ന പെരിയാർ എന്ന പുണ്യനദിയുടെ തീരത്ത് കാലടി എന്ന ഗ്രാമത്തിലാണ് ജനിച്ചത്. കേവലം 32 വർഷങ്ങൾ മാത്രം ജീവിച്ചിരുന്ന ആചാര്യൻ ഇന്ത്യ മുഴുവനും മൂന്നുപ്രാവശ്യം സഞ്ചരിച്ചിരുന്നു എന്നു പറയപ്പെടുന്നു. ഈ സഞ്ചാരത്തിനിടയിലാണ് അദ്ദേഹം ഭാരതത്തിന്റെ നാലുദിക്കിലും നാലുമഠങ്ങൾ സ്ഥാപിച്ചത്. തെക്ക് ശൃംഗേരി, കിഴക്ക് ജഗന്നാഥം, പടിഞ്ഞാറ് ദ്വാരക, വടക്ക് ബദരി എന്നിവയാണ്.

  ശ്രീ ശങ്കരാചാര്യരുടെ ബാല്യകാല ജീവിതത്തിലുണ്ടായ ഒരു സംഭവമാണ് പാഠഭാഗം.

### പഠനാവതരണം

* ക്ലാസ്സിൽ അധ്യാപിക ഒരു പ്രശ്നോത്തരി നടത്താം. സൂചനകൾ/ചോദ്യങ്ങൾ കാർഡിലെഴുതണം/ബോർഡിലെഴുതണം.

*മാതൃക*: * ഭാരതത്തിന്റെ ആത്മീയത പരകോടിയിലെത്തിച്ച സന്യാസി.
* ലോകപ്രസിദ്ധ ദാർശനികൻ.
* അദ്വൈത ദർശനത്തിന്റെ കർത്താവ്.
* കേരളത്തിൽ ജനിച്ചു.

തന്നിരിക്കുന്ന സൂചനകളിൽനിന്ന് ഉത്തരം കണ്ടെത്താൻ കുട്ടികൾ ശ്രമിക്കട്ടെ.

- പാഠഭാഗം മൗനവായന നടത്തി കണ്ടെത്തിയ ആശയം ക്ലാസ്സിൽ കുട്ടികൾ അവതരിപ്പിക്കട്ടെ.
- കുട്ടികളെ 4 സംഘങ്ങളായി തിരിക്കുക. പാഠഭാഗം വായിക്കാൻ നിർദ്ദേശിക്കുക. ചർച്ച ചെയ്ത് സംഭാഷണരൂപം/നാടകരൂപത്തിൽ ക്ലാസ്സിൽ അവതരിപ്പിക്കട്ടെ.

  ശേഷം അധ്യാപിക പാഠഭാഗം വിശദമായി അപഗ്രഥനം നടത്തി കുട്ടികൾക്കു മുൻപിൽ അവതരിപ്പിക്കണം.
- ആത്മകഥയും, ജീവചരിത്രവും തമ്മിലുള്ള വ്യത്യാസങ്ങൾ ചാർട്ടിലിടുന്നത് ഉചിതമായിരിക്കും.

| ആത്മകഥ | ജീവചരിത്രം |
|---|---|
| * സ്വന്തം ജീവിതാനുഭവം സ്വയം എഴുതുന്നു. | * ഒരാളിനെക്കുറിച്ച് മറ്റൊരാൾ എഴുതുന്നു. |
| * ആത്മനിഷ്ഠമായ ഭാഷ | * ലളിതമായ ആഖ്യാനം. |
| * സത്യസന്ധമായിരിക്കും. | * പഠിച്ചതിനുശേഷം ആവിഷ്ക്കരണം. |



## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

* **അർത്ഥം**:
- മൂഢൻ = വിഡ്ഢി, അറിവില്ലാത്തവൻ
- അന്ത്യം = അവസാനം
- ശൈശവം = ബാല്യം, കുട്ടിക്കാലം
- തൃഷ്ണ = ദാഹം, തീവ്രമായ ആഗ്രഹം
- ബാലകൻ = ബാലൻ, കുട്ടി
- സത്ബുദ്ധി = നല്ല ബുദ്ധി, ശ്രേഷ്ഠമായ ബുദ്ധി
- ത്യജിക്കുക = ഉപേക്ഷിക്കുക
- ഐതിഹ്യം = പൗരാണിക കഥ, പഴമക്കാർ പറഞ്ഞു വരുന്ന കഥ
- ദാർശനികൻ = തത്ത്വജ്ഞാനി
- വേദം = അറിവ്

* **പര്യായപദങ്ങൾ**:
- പിതാവ് : താതൻ, ജനകൻ, അച്ഛൻ
- മനസ്സ് : മനം, മാനസം, ചിത്തം
- ബാലകൻ : ബാലൻ, കിശോരൻ, മാണവൻ
- സന്യാസി : മുനി, മഹർഷി, തപസ്വി
- ലോകം : ഭുവനം, വിശ്വം, ജഗത്
- മനുഷ്യൻ : നരൻ, മർത്യൻ, മാനവൻ

* **വിപരീതപദം**:
- നൻമ X തിൻമ
- അന്ത്യം X ആദ്യം
- ജനിച്ചു X മരിച്ചു
- രക്ഷ X ശിക്ഷ
- ആരംഭം X അവസാനം
- പ്രസിദ്ധം X അപ്രസിദ്ധം

❊ **ഉത്തരങ്ങൾ:**

1. അദ്വൈത ദർശനം.
2. ശങ്കരന് സന്യാസിയാകാനായിരുന്നു ആഗ്രഹം. ഇത് മാതാവിന് സമ്മതമായിരുന്നില്ല.
3. അമ്മയുടെ അന്ത്യകാലത്ത് താൻ അടുക്കൽ എത്തിക്കൊള്ളാം എന്ന പ്രതിജ്ഞയാണ് ബാലകൻ ദേശാടനം ആരംഭിക്കുന്നതിനു മുൻപ് എടുത്തത്.
4. * ധനം വന്നു ചേരണമെന്നുള്ള അത്യാഗ്രഹം ത്യജിക്കൂ.
   * തൃഷ്ണവിട്ട് സത്ബുദ്ധിയെ മനസ്സിൽ സ്ഥാപിക്കൂ.
   * തൊഴിൽ ചെയ്തുകിട്ടുന്ന ധനം കൊണ്ട് മനസ്സിനെ വിനോദിപ്പിക്കൂ.

   ഇതായിരുന്നു ശങ്കരാചാര്യർ ലോകത്തിനു നൽകിയ ഉപദേശം.

❊ **ഒറ്റപദം എഴുതുക:**

- അതിയായ ആഗ്രഹം : അത്യാഗ്രഹം
- സമുന്നതമായ സ്ഥാനം : സമുന്നതസ്ഥാനം

❊ **വാക്യരചന:**

- ലോകപ്രസിദ്ധനായ കായികതാരമാണ് സച്ചിൻ ടെണ്ടുൽക്കർ.
- ലോകപ്രസിദ്ധ കൃതിയാണ് കാളിദാസന്റെ ശാകുന്തളം.
- ഷാജഹാൻ നിർമ്മിച്ച താജ്മഹൽ ലോകപ്രസിദ്ധമായ ഒരു കലാശില്പമാണ്.

❊ **വാക്യം ക്രമപ്പെടുത്തുക:**

- ലോകപ്രസിദ്ധനായ ദാർശനികനാണ് ശ്രീ ശങ്കരാചാര്യർ.
- പെരിയാറിന്റെ തീരത്ത് കാലടിയിൽ ജനിച്ചു.



- പിതാവ് ശിവഗുരുവും, മാതാവ് ആര്യാംബയും.
- അഞ്ചാമത്തെ വയസ്സിൽ ഉപനയനം നടത്തി.
- സന്യാസിയാകാനായിരുന്നു ആഗ്രഹം.
- ബാലകൻ ദേശാടനം ആരംഭിച്ചു.

❊ **ഐതിഹ്യം:**

ശ്രീ ശങ്കരൻ കാശിയിൽ താമസിച്ചുകൊണ്ടിരിക്കുന്ന കാലത്ത് ശ്രീ പരമേസ്വരൻ ചണ്ഡാളരൂപത്തിൽ അദ്ദേഹത്തിന്റെ അടുക്കൽ വരികയും അദ്ദേഹം ആ ചണ്ഡാളഗുരുവിനെ സ്വീകരിക്കുകയും ചെയ്തതായി ഒരു കഥയുണ്ട്.

ഒരിക്കൽ രാവിലെ ശ്രീ ശങ്കരൻ ഗംഗാസ്നാനം കഴിഞ്ഞ് വിശ്വനാഥ ക്ഷേത്രത്തിലേക്ക് മടങ്ങി വരികയായിരുന്നു. അപ്പോൾ അദ്ദേഹത്തിനെതിരായി വേട്ട നായ്ക്കളോടും, മദ്യകുംഭത്തോടും കൂടി ഒരു ചണ്ഡാളൻ വരുന്നുണ്ടായിരുന്നു. അടുത്തെത്തിയ ചണ്ഡാളനോട് തന്റെ മാർഗ്ഗത്തിൽ നിന്നും മാറി നിൽക്കുവാൻ ശ്രീ ശങ്കരൻ ആവശ്യപ്പെട്ടു. ചണ്ഡാളൻ ഉടൻതന്നെ ശരീരമോ ആത്മാവോ ഇതിലേതാണ് മാറിപ്പോകേണ്ടത് എന്നു ചോദിച്ചു. എല്ലാവരുടേയും ശരീരം രക്തമാംസാദികൾകൊണ്ട് നിർമ്മിതമാണ്. എല്ലാറ്റിന്റെയും ഘടന ഒന്നുതന്നെ. ആത്മാവാകട്ടെ സർവ്വവ്യാപിയുമാണ്.

ആരെയാണ് നിങ്ങൾ മാറിപ്പോവാൻ പറയുന്നത്? എന്നായി ചണ്ഡാളൻ. അയാൾ ഒരു അസാധാരണനാണെന്നു ശങ്കരാചാര്യർ മനസ്സിലാക്കി. യഥാർത്ഥത്തിൽ ശ്രീ പരമശിവനായിരുന്നു ചണ്ഡാലരൂപത്തിൽ പ്രത്യക്ഷപ്പെട്ട ആ മനുഷ്യൻ. ശ്രീ ശങ്കരൻ ശിവനെ സാഷ്ടാംഗം പ്രണമിച്ചു. തന്റെ ഗുരുവാണെന്നു പറഞ്ഞ് ശ്രീ ശങ്കരൻ ശിവനെ സ്മരിച്ചു.

※ **കാരണം കണ്ടെത്തുക:**

'അത്യാഗ്രഹം ആപത്ത്.'

- എന്ന ചൊല്ലിന്റെ ആശയം അതിയായ ആഗ്രഹം ആപത്ത് വരുത്തും എന്നതാണ്.
- ക്ലാസ്സിലെ കുട്ടികളെ ഗ്രൂപ്പുകളായി തിരിക്കുക.
- ഗ്രൂപ്പിൽ വിഷയം ചർച്ച ചെയ്ത് ആശയം കണ്ടെത്താൻ നിർദ്ദേശിക്കാം.
- കഥകൾ/പഴഞ്ചൊല്ലുകൾ തുടങ്ങിയവ ഉദാഹരണമായി ചേർക്കാൻ നിർദ്ദേശിക്കുക.
- കണ്ടെത്തിയ ആശയം എല്ലാ കുട്ടികളും എഴുതണം.

## അഭ്യാസപുസ്തകം

※ **ഒറ്റവാക്കിൽ ഉത്തരം കണ്ടെത്തുക:**

- ശങ്കരാചാര്യർ
- പെരിയാർ
- ശങ്കരാചാര്യരുടെ മാതാവ്
- ആഗ്രഹം (തീവ്രമായ ആഗ്രഹം/ദാഹം)

※ **ലഘുക്കുറിപ്പ് – ശങ്കരാചാര്യർ:**

- ഭാരതീയരുടെ ആദ്ധ്യാത്മിക ഗുരു.
- കേരളം - പെരിയാർ - കാലടിയിൽ ജനനം.
- പിതാവ് - ശിവഗുരു, മാതാവ് - ആര്യാംബ
- ശ്രീ പരമേശ്വരൻ തന്നെ ശ്രീശങ്കരനായി ജനിച്ചുവെന്നാണ് വിശ്വസിച്ചുവരുന്നത്.
- അഞ്ചാംവയസ്സിൽ ഉപനയനം നടത്തി.
- എട്ടാംവയസ്സിൽ എത്തിയപ്പോഴേക്കും ശ്രീശങ്കരൻ വേദശാസ്ത്രപുരാണേതിഹാസങ്ങളിൽ പാണ്ഡിത്യം നേടിക്കഴിഞ്ഞിരുന്നു.



- സന്യാസം സ്വീകരിക്കാൻ അനുവദിക്കണമെന്ന് ശ്രീ ശങ്കരൻ അമ്മയോട് യാചിച്ചു.
- മാതാവിന്റെ അന്ത്യകാലത്ത് താൻ അടുക്കൽ എത്തിക്കൊള്ളാമെന്നും സംസ്കാരാദികൾ യഥാവിധി നിർവ്വഹിച്ചുകൊള്ളാമെന്നും ആര്യാംബയ്ക്ക് ഉറപ്പുകൊടുത്തുകൊണ്ട് ശ്രീ ശങ്കരൻ ദേശാടനത്തിന് പുറപ്പെട്ടു.
- നാടും ഇല്ലവും ത്യജിച്ച് പുറപ്പെട്ട ശ്രീ ശങ്കരന് നർമ്മദാ തീരത്തുവച്ച് ഗോവിന്ദ ഭഗവദ്പാദർ എന്ന ഗുരുവിനെ ലഭിച്ചു. അനേകം ജ്ഞാനികളാൽ ചുഴപ്പെട്ട ശ്രീ ഗോവിന്ദൻ ഒരു ഗുഹയിൽ ഇരിക്കുകയായിരുന്നു. ശ്രീ ശങ്കരൻ ഗോവിന്ദപാദരെ സമീപിച്ച് തന്നെ ശിഷ്യനായി സ്വീകരിക്കണമെന്നും ഉപദേശിച്ചരുളണമെന്നും സന്യാസം നൽകണമെന്നും അഭ്യർത്ഥിച്ചു. ഗുരു ആ അഭ്യർത്ഥന സ്വീകരിച്ചു.
- പിന്നീട് ശ്രീ ശങ്കരന് പത്മപാദൻ, ഹസ്താമലകൻ, തോടകാചാര്യൻ തുടങ്ങിയ ശിഷ്യരെ ലഭിച്ചു.
- ഭാരതം മുഴുവൻ ശ്രീ ശങ്കരൻ മൂന്നു പ്രാവശ്യം പര്യടനം ചെയ്തുവെന്നു പറയപ്പെടുന്നു. ഭാരതത്തിൽ ഇന്നു കാണപ്പെടുന്ന ശിവക്ഷേത്രങ്ങളും വിഷ്ണുക്ഷേത്രങ്ങളും ദേവീക്ഷേത്രങ്ങളും ശ്രീശങ്കരന്റെ കീർത്തിയെ പ്രകീർത്തിക്കുന്നുണ്ട്.
- ഭാരതത്തിന്റെ നാലുദിക്കിലും നാലുമഠങ്ങൾ സ്ഥാപിച്ചു. തെക്ക് ശൃംഗേരി, കിഴക്ക് ജഗന്നാഥം, പടിഞ്ഞാറ് ദ്വാരക, വടക്ക് ബദരി.
- ചുരുങ്ങിയ ആയുഷ്ക്കാലത്തിൽ (32വർഷം) തന്റെ ജീവിതലക്ഷ്യം നിറവേറ്റിക്കഴിഞ്ഞ ശ്രീ ശങ്കരൻ തന്റെ മുപ്പത്തിരണ്ടാമത്തെ വയസ്സിൽ മഹാസമാധിയടഞ്ഞു.

- ശ്രീ ശങ്കരൻ കേദാരത്തിലുള്ള ഒരു ഗുഹയിൽ കടന്ന് അപ്രത്യക്ഷമാവുകയാണുണ്ടായതെന്ന് ചിലർ വിശ്വസിക്കുന്നു.
- കാഞ്ചീപുരത്തിൽ സർവ്വജ്ഞപീഠാരോഹണം ചെയ്ത് അവിടെത്തന്നെയായിരുന്നു അന്ത്യകാലം കഴിച്ചുകൂട്ടിയതെന്ന് വിശ്വസിക്കുന്നു.
- **ശങ്കരാചാര്യരുടെ കൃതികൾ**:
  - ⁎ ശിവാനന്ദലഹരി
  - ⁎ സൗന്ദര്യലഹരി
  - ⁎ ആനന്ദലഹരി
  - ⁎ കാശീപഞ്ചകം
  - ⁎ കഠോപനിഷത്ത്
  - ⁎ വിവേകചൂഡാമണി
  - ⁎ ഹരിസ്തുതി

## പാഠം 5 **അമ്പിളി**

### പഠനലക്ഷ്യങ്ങൾ

✳ കവിത - ഈണവും താളവും കണ്ടെത്തുന്നു.

✳ കണ്ടെത്തിയ താളത്തിൽ കവിത ഒറ്റയ്ക്കും, സംഘമായും അവതരിപ്പിക്കുന്നു.

✳ ആശയം മനസ്സിലാക്കുന്നു.

✳ ആസ്വാദനം തയ്യാറാക്കുന്നു.

✳ സ്വന്തം കവിത തയ്യാറാക്കുന്നു.

✳ ലഘുവർത്തനകൾ തയ്യാറാക്കുന്നു.

✳ കവിത മനഃപാഠമാക്കുന്നു.

✳ അമ്മയും കുഞ്ഞും തമ്മിലുള്ള ആത്മബന്ധം മനസ്സിലാക്കുന്നു.

✳ ആശാന്റെ രചനാശൈലി മനസ്സിലാക്കുന്നു.

✳ ആധുനിക കവിത്രയം മനസ്സിലാക്കുന്നു.



### ആമുഖം

✳ ആകാശവും നക്ഷത്രങ്ങളും അമ്പിളിമാമനും കുട്ടികൾക്ക് ഏറെ ഇഷ്ടമുള്ളവയാണ്. അമ്പിളിമാമനെപ്പറ്റിയുള്ള കഥകളും കവിതകളും കുട്ടികൾ കേട്ടിട്ടുണ്ട്. തുമ്പപ്പൂവിനേക്കാൾ വെളുത്ത നിറമോടുകൂടിയ നിലാവ് ദയയോടെ പൊഴിച്ചുകൊണ്ട് ആകാശമാകുന്ന വീഥിയിൽ നിൽക്കുന്ന അമ്പിളിമാമനെ വർണ്ണിക്കുന്ന കവിതയാണ് അമ്പിളി. ഭൂമിയിൽനിന്നു നോക്കുമ്പോൾ മരക്കൊമ്പിൻമേൽനിന്ന് കോലോളം മാത്രം ദൂരത്തിൽ അമ്പിളി നിൽക്കുന്നു. വെള്ളമേഘങ്ങളാകുന്ന നുരകളെ തള്ളിമാറ്റി ദേവൻമാർ ആകാശഗംഗയിൽ കളിയാടി തുഴഞ്ഞുപോകുന്ന വെള്ളിയോഗമാണ് അമ്പിളി എന്നു തോന്നുന്നു.

സന്ധ്യാസമയത്ത് ആകാശത്തുനിന്ന് മന്ദസ്മിതം തൂകുന്ന വെൺമതിക്കൂമ്പേ, നിന്നെ അമ്മയുടെ ഒക്കത്തിരുന്ന് എന്റെ സഹോദരൻ 'അമ്മാവാ...' എന്ന് അലിഞ്ഞ് വിളിക്കുന്നു.

### പഠനാവതരണം

✳ കുട്ടികളോട് ഉത്തരം കണ്ടെത്താൻ ആവശ്യപ്പെടാം.

- രാത്രിയിലെ ഇരുട്ടിൽ പ്രകാശം പരത്തുന്നതാര്?
- മനോഹരമാണ് ഇതിനെ കാണാൻ. എന്താണ്?
- ഓരോ ദിവസവും ഓരോ ആകൃതിയിൽ കാണപ്പെടുന്നു. എന്താണത്?

  ഉത്തരം: അമ്പിളിമാമൻ

ബോർഡിൽ/നോട്ടുപുസ്തകത്തിൽ അമ്പിളിമാമനെ വരയ്ക്കാൻ കുട്ടികളോട് ആവശ്യപ്പെടുക. തുടർന്ന് അമ്പിളിമാമനെ എന്തുകൊണ്ടാണ് കുട്ടിക്കേറെ ഇഷ്ടപ്പെടാൻ കാരണമെന്നു കണ്ടെത്തുക. കുട്ടികൾ പറയുന്ന കാരണങ്ങൾ ബോർഡിൽ അധ്യാപിക എഴുതണം.

- മനോഹരമാണ്.
- നിലാവ് തരുന്നു.
- രൂപം മാറുന്നു.

കുട്ടികൾ കണ്ടെത്തിയ കാരണങ്ങൾ ചർച്ച ചെയ്ത ശേഷം കവിതാഭാഗം വായിക്കാൻ നിർദ്ദേശിക്കാം. കവിതയിൽ മനസ്സിലാക്കിയ കാര്യം കുട്ടികൾ ഓരോരുത്തരായി പറയട്ടെ. അധ്യാപിക സഹായിക്കണം. പ്രധാന പദങ്ങൾ/നൂതനപദങ്ങൾ ബോർഡിലെഴുതണം. പദ്യഭാഗം കുട്ടികൾ ആസ്വദിക്കട്ടെ. ഈണവും, താളവും കണ്ടെത്തി ക്ലാസ്സിൽ അവതരിപ്പിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കണം.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

✳ **പിരിച്ചെഴുതുക**:

- വിണ്ണ് + ആകും
- വെള്ളി + ഓടം
- വെൺമതി + കൂമ്പേ
- തൂവും + എൻ

✳ **ചേർത്തെഴുതുക**:

- വിളയാടിത്തുഴഞ്ഞു
- അമ്മതന്നങ്കം

✳ **ഇഷ്ടപ്പെട്ട വരികൾ കണ്ടെത്തുക**:

'അമ്പിളി പൊങ്ങിനിൽക്കുന്നിതാമര-
ക്കൊമ്പിന്മേൽ നിന്നും കോലോളം ദൂരത്തിൽ'

അകലെ ആകാശവീഥിയിൽ, മരക്കൊമ്പിൻമേൽനിന്ന് കോലോളം മാത്രം ദൂരത്തിൽ നിൽക്കുന്ന അമ്പിളിയെ എത്ര മനോഹരമായാണ് കവി വർണ്ണിച്ചിരിക്കുന്നത്. കുട്ടിയുടെ കൗതുകം നിറഞ്ഞ അനുഭവം വായനക്കാരനെ കൂടുതൽ ഇഷ്ടപ്പെടുത്തുന്നു.



✳ **ഒറ്റപ്പദം**:

- തുമ്പപ്പൂവ്
- മരക്കൊമ്പ്
- മന്ദസ്മിതം
- മേഘശകലം

✳ **ഉത്തരങ്ങൾ**:

1. അമ്പിളി പൊങ്ങിനിൽക്കുന്നിതാ മര-ക്കൊമ്പിന്മേൽ നിന്നു കോലോളം ദൂരത്തിൽ.
2. സോദരൻ അമ്മയുടെ ഒക്കത്തിരുന്ന് 'അമ്മാവാ' എന്ന് അലിവോടെ വിളിക്കുന്നു എന്നാണ് കവി പറയുന്നത്.
3. വെള്ളമേഘശകലങ്ങളാം നുര തള്ളിച്ചുകൊണ്ട് ദേവകൾ വെള്ളിയോടത്തിൽ വിളയാടിത്തുഴഞ്ഞു പോകുന്നു.

✳ **കവിത രചിക്കാം... ചിത്രീകരണം തയ്യാറാക്കാം**:

- രണ്ടു പ്രവർത്തനങ്ങളും കുട്ടികൾ വ്യക്തിഗതമായി പൂർത്തിയാക്കട്ടെ.
- കുട്ടികളുടെ ഭാവന വളർത്താൻ സഹായിക്കുന്ന പ്രവർത്തനമാണിത്.
- കുട്ടികൾ അമ്പിളിയെപ്പറ്റി എന്ത് എഴുതിയാലും അത് മനോഹരമായിരിക്കും.

### അഭ്യാസപുസ്തകം

✳ **അർത്ഥം**:

- അൻപ് = സ്നേഹം
- വീഥി = വഴി
- അങ്കം = മടിത്തട്ട്
- ഓടം = വള്ളം

✳ **പര്യായപദങ്ങൾ**:

- അമ്പിളി : ചന്ദ്രൻ, ഇന്ദു, മതി, തിങ്കൾ

- മേഘം : മുകിൽ, വാരിദം, അംബുദം
- മല : കുന്ന്, ഗിരി, ശൈലം
- വഴി : മാർഗം, വീഥി, രഥ്യ, പാത

⁕ **പിരിച്ചെഴുതുക**:

- വിണ്ണ് + ആകും
- വെള്ളി + ഓടം

⁕ **ചേർത്തെഴുതുക**:

- വിളയാടിത്തുഴഞ്ഞു
- അമ്മതന്നങ്കം

⁕ **അർത്ഥവ്യത്യാസം**:

- വള്ളം = നൗക
- വെള്ള = വെളുത്ത നിറം
- വെള്ളം = ജലം
- വെള്ളി = ഒരു ലോഹം

⁕ **നാനാർത്ഥം**:

- അങ്കം : യുദ്ധം, മടിത്തട്ട്, അടയാളം

⁕ **മാതൃക നോക്കാം**:

- ഉറങ്ങി / ഉറങ്ങുന്നു / ഉറങ്ങും
- എഴുതി / എഴുതുന്നു / എഴുതും
- കണ്ടു / കാണുന്നു / കാണും
- ചാടി / ചാടുന്നു / ചാടും

⁕ **ഒറ്റവാക്കിൽ ഉത്തരം**:

- വെള്ളിയോടം തുഴഞ്ഞുപോകുന്നതാര്?
  ദേവകൾ
- ആരാണ് അമ്മാവാ എന്നു വിളിക്കുന്നത്?
  സോദരൻ
- അമ്മാവാ എന്നു വിളിക്കുന്നതാരെ?
  സോദരൻ അമ്പിളിയെ അമ്മാവാ എന്നു വിളിക്കുന്നു.



## പാഠം 6 ഭൂമിയുടെ രക്ഷാകവചം

### പഠനലക്ഷ്യങ്ങൾ

⁕ ലേഖനം തയ്യാറാക്കുക.

⁕ ചർച്ചകൾ നടത്തുന്നു.

⁕ ശാസ്ത്രം/സാമൂഹ്യശാസ്ത്രം തുടങ്ങിയവയുമായി ബന്ധപ്പെട്ട രചനകൾ വായിക്കുന്നു.

⁕ ആശയം മനസ്സിലാക്കുന്നു.

⁕ ഓസോൺപാളിയുടെ പ്രാധാന്യം മനസ്സിലാക്കുന്നു.

⁕ ഭൂമിയെ രക്ഷിക്കാൻ ശ്രമിക്കുന്നു.

### ആമുഖം

⁕ ഭൂമിയുടെ രക്ഷാകവചമായി നിലനിൽക്കുന്ന ഓസോൺപാളിയെപ്പറ്റിയുള്ള ലഘുവിവരമാണ് പാഠഭാഗം.

**ഓസോൺപാളി**

- അന്തരീക്ഷത്തിൽ ഭൂമിയെ ആവരണം ചെയ്ത് സ്ഥിതിചെയ്യുന്ന ഒരു വാതകപാളിയാണ് ഓസോൺപാളി.
- ഓക്സിജന്റെ മൂന്നു ആറ്റങ്ങൾ ചേർന്നുണ്ടാകുന്ന ഒരു വാതകമാണ് ഓസോൺ.
- സൂര്യപ്രകാശത്തിൽ അടങ്ങിയിരിക്കുന്ന ശക്തിയേറിയ അൾട്രാവയലറ്റ് രശ്മികൾ മനുഷ്യനടക്കമുള്ള എല്ലാ ജീവജാലങ്ങൾക്കും ദോഷകരമാണ്.
- നാശകരമായ അൾട്രാവയലറ്റ് രശ്മികളെ തടഞ്ഞു നിർത്തി ഭൂമിയിലെ ജീവജാലങ്ങളെ രക്ഷിക്കുന്ന ഒരു കുടയായി അന്തരീക്ഷത്തിൽ നിലകൊള്ളുന്നതാണ് ഓസോൺപാളികൾ.
- ഓസോണിനെ നശിപ്പിക്കുന്ന ചില രാസവസ്തുക്കളുണ്ട്. അവ ഓസോൺപാളിയിൽ വിള്ളലുകളുണ്ടാക്കുന്നു.

- ഫാക്ടറിയിൽനിന്നുയരുന്ന വിഷപ്പുക, പലതരത്തിലുള്ള മാലിന്യങ്ങൾ, വാഹനങ്ങളിൽനിന്നുണ്ടാകുന്ന പുക, പ്ലാസ്റ്റിക്ക് കത്തിക്കുമ്പോഴുണ്ടാകുന്ന വിഷവാതകങ്ങൾ തുടങ്ങിയവ ഇതിനു കാരണങ്ങളാണ്.
- പരിസ്ഥിതിമലിനീകരണം തടയാനുള്ള മാർഗ്ഗങ്ങൾ നാം സ്വീകരിക്കണം.

### പഠനാവതരണം

⁕ നാം നേരിടുന്ന പരിസ്ഥിതിപ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്താൻ അധ്യാപിക കുട്ടികളോടു നിർദേശിക്കുന്നു.

⁕ കണ്ടെത്തിയ കാര്യങ്ങൾ ബോർഡിലെഴുതണം.

ഉദാ:
- വൃക്ഷങ്ങൾ വെട്ടിനശിപ്പിക്കുന്നു.
- അന്തരീക്ഷമലിനീകരണം.
- ജലമലിനീകരണം.
- പ്ലാസ്റ്റിക്കുകളുടെ അമിതമായ ഉപയോഗം.
- വ്യവസായശാലകളിൽനിന്നുള്ള പുക.

⁕ പരിസ്ഥിതി മലിനീകരണംമൂലം ഭൂമിമാതാവ് അനുഭവക്കുന്ന ദുരിതങ്ങൾ എന്തെല്ലാം?
- ഭൂമിയിലെ ജീവികളുടെ ആവാസവ്യവസ്ഥ നശിക്കുന്നു.
- നിലനിൽപ്പ് അപകടത്തിലാകുന്നു.
- ഭൂമിയുടെ ചൂട് വർദ്ധിക്കുന്നു.
- കാലാവസ്ഥയ്ക്കു മാറ്റം സംഭവിക്കുന്നു.

⁕ 'ഭൂമിയുടെ രക്ഷയ്ക്കായ് നമുക്കൊരുമിക്കാം' എന്ന് കുട്ടികൾ പ്രതിജ്ഞയെടുക്കട്ടെ.

⁕ കുട്ടികൾ പാഠഭാഗം മൗനവായന നടത്തി കണ്ടെത്തിയ കാര്യങ്ങൾ ചർച്ച ചെയ്യണം.



⁕ തുടർന്ന് അധ്യാപിക പാഠഭാഗം ഉറക്കെ വായിക്കുകയും പാഠഭാഗത്തുള്ള ആശയം വിശദമായി വിവരിക്കയും ചെയ്യണം.

⁕ പാഠഭാഗത്തെ ആശയം ഉൾക്കൊള്ളുന്ന ഒരു ചാർട്ട് ക്ലാസ്സിൽ പരിചയപ്പെടുത്താം.




⁕ ചാർട്ടിലുള്ള സൂചനകളിൽനിന്ന് കുട്ടികൾ ആശയം കണ്ടെത്തട്ടെ. ശേഷം പാഠം വായിക്കാൻ നിർദ്ദേശിക്കാം.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

⁕ **അർത്ഥം:**
- അഗ്നിവർഷം = തീമഴ
- മാരകം = മരണം
- കവചം = കുപ്പായം, പടച്ചട്ട
- ത്വക്ക് = തൊലി

⁕ **ഒറ്റപ്പദം:**
- രക്ഷാകവചം
- ജീവജാലം

※ **ചേർത്തെഴുതുക:**

- ഭൗമോപരിതലം
- ഭൂമിയിലെത്തുക

※ **പിരിച്ചെഴുതുക:**

- നഷ്ട + പെടുത്തുക
- മാരകം + ആയ

※ **വാക്യരചന:**

- മാരകമായ പകർച്ചവ്യാധികളെ പൂർണമായും പ്രതിരോധിക്കുന്നതിന് വൈദ്യശാസ്ത്രത്തിനു സാധിച്ചിട്ടുണ്ട്.
- പ്രതിരോധ കുത്തിവയ്പ് കുട്ടികളെ മാരകരോഗങ്ങളിൽനിന്നും രക്ഷിക്കും.

※ **കണ്ടെത്താം എഴുതാം:**

ആമുഖം നോക്കുക.

※ **ഉത്തരങ്ങൾ:**

1. സൂര്യനിൽ നിന്നുള്ള അൾട്രാവയലറ്റ് വികിരണങ്ങളിൽനിന്ന് ഭൂമിയെ കാത്തുസൂക്ഷിക്കുന്ന രക്ഷാകവചമാണ് ഓസോൺപാളികൾ.
2. ഭൗമോപരിതലത്തിൽനിന്നു ഏകദേശം 19കിലോമീറ്ററിനും 35കിലോമീറ്ററിനും ഇടയിലുള്ള ഭാഗത്താണ് ഓസോൺ പാളികൾ സ്ഥിതിചെയ്യുന്നത്.
3. മാരകമായ അൾട്രാവയലറ്റ് രശ്മികൾ നേരിട്ട് ഭൂമിയിലെത്തുമ്പോൾ ഭൂമിയുടെ ചൂട് കൂടിവരുന്നു. ഇത് ആഗോളതാപനത്തിനു കാരണമാകുന്നു.
4. സൂര്യനിൽനിന്നുള്ള മാരകമായ അൾട്രാവയലറ്റ് വികിരണങ്ങളെ തടഞ്ഞുനിർത്തിയാണ് ഓസോൺ പാളി ഭൂമിയെ രക്ഷിക്കുന്നത്.



※ **പോസ്റ്റർ:**

പാഠപുസ്തകം പേജ് 27 നോക്കുക.

## അഭ്യാസപുസ്തകം

※ **ശരിയായ അക്ഷരം:**

- മഹാദുരന്തം
- ഭൗമോപരിതലം
- മാരകം
- ജീവജാലം

※ **മുദ്രാവാക്യങ്ങൾ/പോസ്റ്ററുകൾ:**

- ആശയം വ്യക്തമായിരിക്കണം.
- ഒറ്റവായനയിൽ കാര്യങ്ങൾ മനസ്സിലാകണം.
- ലളിതമായിരിക്കണം.
    - പ്ലാസ്റ്റിക്ക് നാടിനാപത്ത്.
    - പ്ലാസ്റ്റിക്ക് ഉപേക്ഷിക്കൂ... നാടിനെ രക്ഷിക്കൂ...
    - ആഗോളതാപനം മാരകവിപത്ത്.
    - ആഗോളതാപനം തടയാം... മരങ്ങൾ നട്ടു വളർത്താം.

※ **ഭൂമിയെ സംരക്ഷിക്കാം:**

- പ്രപഞ്ചത്തിൽ ജീവൻ നിലനിൽക്കുന്നത് ഭൂമിയിൽ മാത്രമാണ്. ജീവനെ, ഭൂമിയെ സംരക്ഷിക്കേണ്ടത് നമ്മുടെ നിലനിൽപിന് ആവശ്യമാണ്.
    - മലിനീകരണം ഒഴിവാക്കണം.
    - മരങ്ങൾ നട്ടുവളർത്തണം.
    - പ്ലാസ്റ്റിക്ക് നിരോധിക്കണം, ഉപേക്ഷിക്കണം.
    - വ്യവസായശാലകളിൽനിന്നു പുറന്തള്ളപ്പെടുന്ന മലിനവാതകങ്ങൾ നിയന്ത്രിക്കണം.

## പാഠം 7 കുരങ്ങന്റെ ബുദ്ധി

### പഠനലക്ഷ്യങ്ങൾ

- ✳ കഥ വായിക്കുക/രചിക്കുക.
- ✳ സംഭാഷണം തയ്യാറാക്കുക.
- ✳ ചിത്രം നോക്കി കഥ രചിക്കുക.
- ✳ കഥ ആസ്വദിക്കുക.
- ✳ ശീർഷകം മാറ്റുന്നു.
- ✳ കഥാപാത്രങ്ങളെക്കുറിച്ച് കുറിപ്പെഴുതുക.
- ✳ നൂതനപദങ്ങൾ/വാക്യങ്ങൾ മനസ്സിലാക്കുക.
- ✳ ഗുണപാഠം മനസ്സിലാക്കുന്നു.

### ആമുഖം

✳ അത്തിമരത്തിൽ താമസിച്ചിരുന്ന കുരങ്ങൻ തന്റെ ബുദ്ധിസാമർത്ഥ്യം കൊണ്ട് മുതലയിൽനിന്ന് സ്വയം ജീവൻ രക്ഷപ്പെടുത്തിയതിന്റെ കഥയാണ് 'കുരങ്ങന്റെ ബുദ്ധി.'

- സുഹൃത്തിനെ ചതിക്കരുത്.
- ആത്മാർത്ഥതയില്ലാത്ത സൗഹൃദം വിശ്വസിക്കരുത്.
- ബുദ്ധിപൂർവ്വം പ്രവർത്തിച്ചാൽ ആപത്തിൽ നിന്നു രക്ഷപ്പെടാം.
- അമിതാഗ്രഹം/അത്യാഗ്രഹം പലരേയും ആപത്തിലെത്തിക്കും.

തുടങ്ങിയ ഗുണപാഠങ്ങൾ ഈ കഥയിലൂടെ കുട്ടികൾക്ക് മനസ്സിലാക്കാൻ കഴിയുന്നു.

### പഠനാവതരണം

✳ സൂചനകളിൽനിന്ന് കഥ കണ്ടെത്താം എന്ന പ്രവർത്തനം ക്ലാസ്സിൽ പരിചയപ്പെടുത്തുക.



✳ കുട്ടികളെ നാല് ഗ്രൂപ്പുകളായി തിരിക്കുക.

✳ സൂചനകൾ നൽകുക.

- പാഠപുസ്തകം പേജ് 31-ലെ ചിത്രം നൽകുക.
- മുതലയും കുരങ്ങനും ചങ്ങാതിമാരായി.
- സുഹൃത്തിനെ നഷ്ടപ്പെട്ട മുതല.
- പെൺമുതലയുടെ വക്രബുദ്ധി.

✳ ഗ്രൂപ്പുകൾ അധ്യാപിക നൽകിയിട്ടുള്ള സൂചനകളനുസരിച്ച് കഥാരചന നടത്തി ക്ലാസ്സിൽ അവതരിപ്പിക്കട്ടെ. നല്ല കഥയ്ക്ക് സമ്മാനം നൽകുകയും ചെയ്യണം.

✳ തുടർന്ന് പാഠപുസ്തകത്തിലെ കഥ ഗ്രൂപ്പിൽ തന്നെ വായിക്കണം.

✳ കുട്ടികൾ എഴുതിയ കഥയിൽനിന്നുള്ള വ്യത്യാസങ്ങൾ കണ്ടെത്താൻ അധ്യാപിക അവരെ സഹായിക്കണം.

✳ ശേഷം കഥയിലെ ആശയം കുട്ടികൾ മനസ്സിലാക്കത്തക്കവിധത്തിൽ അധ്യാപിക കഥ പറയണം.

✳ കഥ വായിച്ച ശേഷം കഥയുടെ പ്രധാന ആശയം വരത്തക്കരീതിയിൽസംഭാഷണരൂപത്തിൽ മാറ്റിയെഴുതാൻ കുട്ടികളോട് നിർദ്ദേശിക്കാം.

✳ കഥയിൽനിന്ന് മനസ്സിലാക്കിയ കാര്യങ്ങൾ/ഗുണപാഠങ്ങൾ കുട്ടികൾ ചർച്ച ചെയ്ത് കണ്ടെത്താൻ അധ്യാപിക സഹായിക്കണം.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

✳ **അർത്ഥം:**

- ദിവസം തോറും = അനുദിനം
- വളഞ്ഞ ബുദ്ധി = വക്രബുദ്ധി

- മർക്കടൻ = കുരങ്ങൻ
- ക്ഷമയില്ലാത്തവൻ = അക്ഷമൻ

⁕ **പിരിച്ചെഴുതുക:**

- മര + കൊമ്പ്
- ഏത് + ആപത്തിലും

⁕ **ചേർത്തെഴുതുക:**

- രോഗമാണെന്ന്
- മാത്രമല്ല

⁕ **ശീർഷകം കണ്ടെത്താം:**

- കുട്ടികൾ ഗ്രൂപ്പായി ചർച്ച ചെയ്യട്ടെ. ഉചിതമായ ശീർഷകം കണ്ടെത്തട്ടെ.

⁕ **ഉത്തരങ്ങൾ:**

1. മധുരമുള്ള അത്തിപ്പഴം തിന്നുന്ന കുരങ്ങന്റെ ഹൃദയം എത്ര രുചിയുള്ളതായിരിക്കും. തനിക്ക് അത് കഴിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന ദുർവിചാരമാണ് പെൺമുതലയുടെ മനസ്സിൽ വളർന്നുവന്നത്.
2. മുതലയിൽനിന്നു രക്ഷപ്പെടാനായി കുരങ്ങൻ പറഞ്ഞു: 'പ്രിയസുഹൃത്തേ, താങ്കളുടെ ഭാര്യയെ രക്ഷിക്കാൻ എന്റെ ഹൃദയം തരുവാൻ എനിക്കു സന്തോഷമേയുള്ളൂ. എന്റെ ഹൃദയം അത്തിമരത്തിൽ വച്ചിട്ടാണ് ഞാൻ പോന്നത്.'

⁕ **ചോദ്യങ്ങൾ കണ്ടെത്താം:**

*മാതൃക:*
- കുരങ്ങൻ എവിടെയാണ് താമസിച്ചിരുന്നത്?
- ക്രമേണ അവർ സുഹൃത്തുക്കളായി. ആര്?
- പെൺമുതല എങ്ങനെയുള്ള ആളായിരുന്നു?
- അത്തിപ്പഴത്തിന്റെ പ്രത്യേകതയെന്ത്?



## അഭ്യാസപുസ്തകം

⁕ **അർത്ഥം:**

- അനുദിനം = ദിനം തോറും, ദിവസവും
- വക്രബുദ്ധി = വളഞ്ഞ ബുദ്ധി, ദുഷ്ട ബുദ്ധി
- മർക്കടൻ = വാനരൻ, കുരങ്ങൻ
- ജിജ്ഞാസ = അറിയാനുള്ള ആഗ്രഹം

⁕ **നാനാർത്ഥം:**

- മരം : വൃക്ഷം, തരു, ശാഖി
- കുരങ്ങൻ : കപി, വാനരൻ, മർക്കടൻ

⁕ **കഥയിൽനിന്ന് മനസ്സിലാക്കിയതെന്ത്?:**

- ആമുഖം നോക്കുക.

## പാഠം 8 മഴവില്ല്

### പഠനലക്ഷ്യങ്ങൾ

⁕ ഈണവും താളവും കണ്ടെത്തുന്നു.
⁕ സ്വന്തമായി കവിത ഉറക്കെ ചൊല്ലുന്നു.
⁕ കവിതാ രചന നടത്തുന്നു.
⁕ ആശയം മനസ്സിലാക്കുന്നു.
⁕ വർണനകൾ മനസ്സിലാക്കുന്നു.
⁕ ലഘുവർണനകൾ തയ്യാറാക്കുന്നു.
⁕ കവിപരിചയം - ജി.യെ അറിയുന്നു.

### ആമുഖം

⁕ 1965ൽ ആദ്യത്തെ ജ്ഞാനപീഠപുരസ്കാരം ലഭിച്ച ജി. ശങ്കരക്കുറുപ്പിന്റെ കവിതയാണ് 'മഴവില്ല്' എന്ന പാഠഭാഗം. ആകാശത്തു കാണുന്ന മഴവില്ലിനോട് കുട്ടി